"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരംമാറ്റത്തിനായി തെറ്റായി ഈടാക്കിയ തുക റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2773/2024/RD തീയതി,തിരുവനന്തപുരം, 22-11-2024

---

പരാമർശം:-
1. മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 19.02.2024-ലെ എ11- 3693/2023 നമ്പർ നടപടിക്രമം.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 11.09.2024-ലെ LR/8829/2024-LR(A1) നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കോതമംഗലം താലൂക്ക്, പിണ്ടിമന വില്ലേജിൽ, സർവ്വെ 751/5A-6, 751/6-2, 751/7A-1-2, 751/7A-2, 751/7C-3 ൽ ഉൾപ്പെട്ട, യഥാക്രമം 5.91 ആർ, 1.60 ആർ, 1.62 ആർ, 3.67 ആർ, 6.90 ആർ ഉൾപ്പെടെ ആകെ 19.70 ആർ വസ്തുവിന്റെ സ്വഭാവ വ്യതിയാനത്തിനായി ശ്രീമതി ചാന്ദിനി മത്തായിയിൽ നിന്നും അധികമായി ഈടാക്കിയ 75,100/- രൂപ റീഫണ്ട് അനുവദിച്ചുത്തരവാകണമെന്ന് പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. കോതമംഗലം താലൂക്കിൽ, പിണ്ടിമന വില്ലേജിൽ, 7220 തണ്ടപ്പേരുംപടി ശ്രീമതി ചാന്ദിനി മത്തായിയുടെ കൈവശത്തിലുള്ള സർവ്വേ നമ്പർ 751/5A-ൽ 6.88 ആർ; സർവ്വേ നമ്പർ 751/6-2-ൽ 6.07 ആർ; സർവ്വേ നമ്പർ 751/7A-1-2-ൽ 2.02 ആർ; സർവ്വേ നമ്പർ 751/7A-2-ൽ 5.26 ആർ; സർവ്വേ നമ്പർ 751/7C-3-ൽ 12.96 ആർ ഉൾപ്പടെ ആകെ 33.19 ആർ സ്ഥലത്തിൽ നിന്നുമുള്ള 19.70 ആർ വസ്തുവിന് തരംമാറ്റ ഫീസായി 1,97,000/- (ഒരു ലക്ഷത്തി തൊണ്ണൂറ്റിയേഴായിരം രൂപ) രൂപ സ്വീകരിച്ച് സ്വഭാവ വ്യതിയാനം അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും, തുടർന്ന്, സബ്-ഡിവിഷൻ നടപടികൾക്കായി താലൂക്ക് സർവ്വെയർ നടത്തിയ സ്ഥലപരിശോധന വേളയിൽ, സർവ്വേ 751/5A-6, 751/6-2 എന്നീ നമ്പരുകളിൽപ്പെട്ട യഥാക്രമം 5.91 ആർ, 1.60 ആർ. (ആകെ 7.51 ആർ) വസ്തുക്കൾ ബി.ടി.ആർ പ്രകാരം പുരയിടം ഇനത്തിൽ പെട്ട വസ്തുവാണെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, താലൂക്ക് ഓഫീസിലെ ബി.ടി.ആർ റെക്കോർഡ് പരിശോധിക്കുകയും, ടി വസ്തുക്കൾ പുരയിടം ഇനത്തിൽപെട്ട വസ്തവാണെന്ന് സ്ഥിരീകരിക്കുകയും ചെയ്തിട്ടുള്ളതാണെന്നും പരാമർശം (1)-ൽ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ residential plot with പഞ്ചായത്ത് road access എന്ന ന്യായവില കാറ്റഗറിയിൽ, മേൽ പ്രകാരമുള്ള 19.70 ആർ വസ്തുവിന്

ഈടാക്കിയിട്ടുള്ള 1,97,000/- രൂപയിൽ നിന്നും സർവ്വേ നമ്പർ 751/5A-6-ൽ ഉൾപ്പെട്ട 5.91 ആർ, സർവ്വേ നമ്പർ 751/6-2-ൽ ഉൾപ്പെട്ട 1.60 ആർ പുരയിടം ഇനത്തിൽപ്പെട്ട വസ്തുക്കളുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി ഈടാക്കിയ 75,100/- രൂപ സർക്കാരിന്റെ അനുമതി വിധേയമായി അപേക്ഷകയ്ക്ക് റീഫണ്ട് ചെയ്യുന്നതിനും റവന്യൂ ഡിവിഷണൽ ഓഫീസർ പരാമർശം (1) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, സർവ്വേ നമ്പർ 751/5A-6-ൽ ഉൾപ്പെട്ട 5.91 ആർ, സർവ്വേ നമ്പർ 751/6-2-ൽ ഉൾപ്പെട്ട 1.60 ആർ പുരയിടം ഇനത്തിൽപ്പെട്ട വസ്തുക്കളുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി, തെറ്റായി ഈടാക്കിയിട്ടുള്ള 75,100/-(എഴുപത്തിയയ്യായിരത്തി ഒരുന്നൂറ് രൂപ) രൂപ, അപേക്ഷകയ്ക്ക് റീഫണ്ട് ചെയ്ത് നൽകുന്നതിന് മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHAHANSHA A**

അണ്ടർ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം,
ജില്ലാ കളക്ടർ, എറണാകുളം,
റവന്യൂ ഡിവിഷണൽ ഓഫീസർ, മൂവാറ്റുപുഴ,
ധനകാര്യ വകുപ്പ്,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം,
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)വകുപ്പ്,
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ - REV-P1/620/2024-REV).

ഉത്തരവിൻ പ്രകാരം

Signed by
Jayalekshmi A C
Date: 23-11-2024 10:07:49

സെക്ഷൻ ഓഫീസർ